**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

**<u>വിജ്ഞാപനം</u>**

**<u>കീം 2025</u>**
**<u>2025 ലെ എഞ്ചിനീയറിംഗ്,ഫാർമസി കോഴ്സ് പ്രവേശനത്തിനായുള്ള സംസ്ഥാന റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചു.</u>**

2025-ലെ എഞ്ചിനീയറിംഗ്, ഫാർമസി കോഴ്സുകളുടെ പ്രവേശനത്തിനുള്ള സംസ്ഥാന റാങ്ക് പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

23.04.2025 മുതൽ 29.04.2025 വരെ നടത്തിയ സംസ്ഥാന എഞ്ചിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷയിലെ നോർമലൈസ്ഡ് സ്കോർ 14.05.2025 ന് പ്രസിദ്ധീകരിച്ചിരുന്നു. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളോട് രണ്ടാം വർഷ പ്ലസ് ടു/തത്തുല്യ പരീക്ഷയിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി/ കമ്പ്യൂട്ടർ സയൻസ്/ ബയോടെക്നോളജി/ ബയോളജി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക് ഓൺലൈനായി സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. അപ്രകാരം എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ 76227 വിദ്യാർത്ഥികളിൽ 67505 വിദ്യാർത്ഥികൾ അവരുടെ രണ്ടാം വർഷ യോഗ്യതാ പരീക്ഷയുടെ മാർക്ക് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചു. എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിലെ നോർമലൈസ്ഡ് സ്കോറിനും യോഗ്യതാ പരീക്ഷയിലെ നോർമലൈസ്ഡ് മാർക്കിനും 50:50 എന്ന അനുപാതത്തിൽ പരിഗണന നൽകിക്കൊണ്ടു G.O.(Ms) No.470/2025/HEDN Dated 01.07.2025 പ്രകാരമുള്ള Normalization പ്രക്രിയയിലൂടെ ആണ് എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്.

ഫാർമസി പ്രവേശന പരീക്ഷക്കു 33425 വിദ്യാർത്ഥികൾ ഹാജരാകുകയും 27813 പേർ യോഗ്യത നേടുകയും ചെയ്തു. പ്രോസ്പെക്ടസ് clause 9.7.4 (f) പ്രകാരമാണ് ഫാർ മസി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് .

അപേക്ഷയിലെ അപാകതകൾ മൂലവും, ആവശ്യമായ രേഖകളുടെ അഭാവത്തിലും എഞ്ചിനീയറിംഗ്, ഫാർമസി റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഏതാനും വിദ്യാർത്ഥികളുടെ ഫലം തടഞ്ഞു വച്ചിട്ടുണ്ട്. അപേക്ഷയിലെ അപാകതകളും ഫലം തടഞ്ഞുവയ്ക്കുന്നതിനുള്ള മറ്റ് കാരണങ്ങളും പരിഹരിക്കപ്പെടുന്ന മുറയ്ക്ക് ഇവരുടെ ഫലം പ്രസിദ്ധീകരിക്കുന്നതാണ്.

റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന കാരണത്താൽ ഒരു വിദ്യാർത്ഥി പ്രവേശനത്തിന് അർഹനാകുന്നില്ല. പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് പ്രോസ്പെക്ടസ് പ്രകാരമുള്ള യോഗ്യതാ മാനദണ്ഡങ്ങൾ ഓരോ വിദ്യാർത്ഥിയും തൃപ്തിപ്പെടുത്തേണ്ടതാണ്. എഞ്ചിനീയറിംഗ് കോഴ്സ് വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 6.2.2 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകളും,ഫാർമസി കോഴ്സു വിദ്യാർത്ഥികൾ പ്രവേശന സമയത്ത് പ്രോസ്പെക്ടസ് ക്ലോസ് 6.2.4 പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യതകളും, നേടിയിരിക്കണം. ഇത് പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കപ്പെട്ട യോഗ്യതാ പരീക്ഷയിലെ മാർക്ക് വിവരങ്ങളും പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതാണ്. സമർപ്പിക്കപ്പെട്ട മാർക്ക് വിവരങ്ങളിൽ എന്തെങ്കിലും വ്യത്യാസം കണ്ടെത്തുന്ന പക്ഷം പരീക്ഷാർത്ഥിത്വം റദ്ദാകുന്നതാണ്. റാങ്ക് ലിസ്റ്റിനെ അടിസ്ഥാനമാക്കിയുള്ള കാറ്റഗറി/കമ്മ്യൂണിറ്റി ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 – 2332120, 2338487**

Signed by Arun S Nair
Date: 01-07-2025 17:49:27

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
01-07-2025